(ഡി) ട്രേഡ് യൂണിയനുകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ വിലയിരുത്തുകയുണ്ടായോ; എങ്കിൽ അത് സംബന്ധിച്ച് സർക്കാരിന്റെ സമീപനം വെളിപ്പെടുത്താമോ;

(ഇ) ആർ. സി. ചൗധരി കമ്മീഷൻ വേണ്ടത്ര പഠനം നടത്താതെ ആസൂത്രിതമായ പദ്ധതികൾ ആവിഷ്കരിച്ച് ശുപാർശകളായി സമർപ്പിക്കുകയായിരുന്നുവെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ശ്രീ. ആർ. സി. ചൗധരി അദ്ധ്യക്ഷനായുള്ള എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ. ആർ. സി.) ഏതാനും പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പുനരുദ്ധാരണ റിപ്പോർട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡ് വഴി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 16 സ്ഥാപനങ്ങളുടെ പുനരുദ്ധാരണ റിപ്പോർട്ട് സർക്കാർ വിശദമായ പരിശോധനയ്ക്ക് ശേഷം അംഗീകരിച്ചിട്ടുണ്ട്. ഇതിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ കെൽട്രോൺ കൗണ്ടേഴ്സ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ആസ്ട്രൽ വാച്ചസ് എന്നിവയിലെ 100% ഓഹരികൾ വാങ്ങുന്നതിനായുള്ള അപേക്ഷകൾ ദിനപ്പത്രങ്ങളിൽ പരസ്യം ചെയ്തിട്ടുണ്ട്. മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി ഇ. ആർ. സി. പഠന വിധേയമാക്കുന്നുണ്ട്.

(ബി, സി) ചില നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധനയിലാണ്. എന്നാൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(ഡി) ചില നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) വിശദമായ പഠനത്തിനുശേഷവും, മാനേജ്മെന്റുമായും തൊഴിലാളി യൂണിയനുകളുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിലും ഇ. ആർ. സി. തയ്യാറാക്കുന്ന നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡിന്റെ പരിശോധനയ്ക്കുകൂടി വിധേയമാക്കിയശേഷമാണ് സർക്കാർ തീരുമാനമെടുക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുവാൻ
ബഡ്ജറ്റ് വിഹിതം

5 [3410] ശ്രീ. വി. ജെ. പൗലോസ്:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ശക്തൻ:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുവാൻ ഈ വർഷം എന്തു തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനാണ് ഇവ ഉപയോഗിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയെ പുനരുദ്ധരിക്കുന്നതിന്റെ ഫലമായി ഇവയുടെ നഷ്ടം നികത്താൻ കഴിയുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 84 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി സർക്കാർ രൂപീകരിച്ചിട്ടുള്ള പൊതുമേഖലാ പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ സർക്കാർ ഗ്യാരണ്ടിയുള്ള കടബാദ്ധ്യതകൾ ഒ. റ്റി. എസ്. വഴി അടച്ചു തീർക്കുന്നതിനും തൊഴിലാളികളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് അവരെ സാമൂഹ്യ സുരക്ഷിതത്വ പദ്ധതികളിൽ കൊണ്ടുവരുവാനും, വി. ആർ. എസ്. നൽകുവാനും കൂടാതെ പൊതുമേഖലാ പരിഷ്കരണ പദ്ധതികൾക്കും വേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

(സി) സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകാതെ ലാഭകരമായി ദീർഘകാലം പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള പ്രാവർത്തികമായ പദ്ധതികളാണ് പൊതുമേഖലാ പരിഷ്കരണ കമ്മിറ്റി സർക്കാരിനു സമർപ്പിച്ചിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ നടപടി

6 [3411] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ എൻ. ശക്തൻ:
„ വർക്കല കഹാർ:
„ ഡൊമിനിക് പ്രസന്റേഷൻ:
„ എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ നടക്കുന്നതും കയ്യൊഴിയാൻ തീരുമാനിച്ചിട്ടുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള സാദ്ധ്യത പരിഗണിച്ചിട്ടുണ്ടോ;

(സി) ഇത്തരം കോർപ്പറേഷനുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വൻതോതിലുണ്ടാക്കി കയറ്റുമതി ചെയ്യുന്നപക്ഷം അവയ്ക്ക് പിടിച്ചു നിൽക്കാനാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

† അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly